(ഡി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1. കശുമാവ് വികസന പദ്ധതി

2. സംയോജിത കശുമാവ് വികസന പദ്ധതി

3. കശുമാവ് സസ്യസംരക്ഷണ പരിപാടികൾ

(ബി) ഉണ്ട്. (1) സംയോജിത കശുമാവ് വികസന പദ്ധതി (2) കശുമാവ് സസ്യസംരക്ഷണ പരിപാടികൾ.

സംയോജിത കശുമാവ് വികസന പദ്ധതിയുടെ പുതുതായി കൃഷി വ്യാപിപ്പിക്കൽ ഘടക പ്രകാരം 270 ഹെക്ടർ പ്രദേശത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പട്ടികവർഗ്ഗ കൃഷിക്കാർക്ക് ഹെക്ടറിന് 3000 രൂപ, മറ്റുള്ളവർക്ക് 2100 രൂപ എന്ന നിരക്കിൽ സഹായധനം നൽകും. മുൻവർഷങ്ങളിൽ കശുമാവ് നട്ടുപിടിപ്പിച്ച 2600 ഹെക്ടർ സ്ഥലത്തെ കൃഷിക്കും ധനസഹായം നൽകും. കശുമാവ് പുനരുദ്ധാരണ ഘടക പദ്ധതി പ്രകാരം ഒന്നാം വർഷം ഹെക്ടറിന് 2800 രൂപ, രണ്ടാം വർഷം 2200 രൂപ, മൂന്നാം വർഷം 2400 രൂപ എന്ന നിരക്കിൽ ധനസഹായം അനുവദിക്കും. ഇതനുസരിച്ച് പുതുതായി 368.57 ഹെക്ടർ സ്ഥലത്തും രണ്ടും മൂന്നും വർഷങ്ങളിൽ 200 ഹെക്ടർ പ്രദേശത്തും ധനസഹായം ലഭ്യമാക്കുന്നതാണ്. കശുമാവ് സംരക്ഷണ പരിപാടിയുടെ ഭാഗമായി സസ്യസംരക്ഷണം നടത്തുന്നതിനായി ഹെക്ടറിന് 800 രൂപ നിരക്കിൽ ധനസഹായം നൽകി. 1300 ഹെക്ടർ സ്ഥലത്തു പദ്ധതി നടപ്പാക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) കശുമാവ് കൃഷിയുടെ സമഗ്ര വികസനമാണ് ലക്ഷ്യം. ഗവേഷണം, ഉൽപ്പാദനം, ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ്, ഗുണനിലവാരം മെച്ചപ്പെടുത്തൽ, മാർക്കറ്റിംഗ്, കയറ്റുമതി, കൃഷി വ്യാപിപ്പിക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകി ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നതാണ് 'ടെക്നോളജി മിഷൻ ഓൺ കാഷ്യൂ' കൊണ്ട് ഉദ്ദേശിക്കുന്നത്.

21 (*227) വനവൽക്കരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. എം. മുരളി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമികളിൽ മരം വച്ച് പിടിപ്പിച്ച് വനവൽക്കരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) വ്യാവസായിക ആവശ്യത്തിനുള്ള യൂക്കാലിപ്റ്റസ്, തേക്ക് ഇവ വച്ച് പിടിപ്പിക്കുന്ന പ്ലാന്റേഷൻ പദ്ധതി ഇപ്പോൾ വനം വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാഭാവിക വനവും മഴക്കാടുകളും കയ്യേറ്റം മൂലവും പ്ലാന്റേഷൻ മൂലവും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരിസ്ഥിതിയ്ക്ക് ഹാനികരമായ സ്വാഭാവിക വനശോഷണം തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ചോലക്കാടുകളും മഴക്കാടുകളും നിലനിന്നിരുന്ന മേഖലകൾ കണ്ടെത്തി അവിടെ സ്വാഭാവിക വനം രൂപപ്പെടുത്തിയെടുക്കാനുള്ള പ്രോജക്ടു കൂടി സാമൂഹ്യവനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ)

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വാഭാവിക വനവും മഴക്കാടുകളും കയ്യേറ്റം മൂലവും പ്ലാന്റേഷൻ മൂലവും നഷ്ടപ്പെടാതിരിക്കുവാൻ ഫലപ്രദമായ നടപടികൾ എടുത്തുവരുന്നു.

(ഡി) പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(ഇ) സ്വാഭാവിക വനങ്ങളിലെ പ്രക്ഷീണ വന ഭാഗങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ കേരള ഫോറസ്ട്രി പ്രോജക്ടിലൂടെയും പരിഹാര വനവൽക്കരണ പദ്ധതിയിലൂടെയും സംയോജിത വനവൽക്കരണ-പരിസ്ഥിതി വികസന പദ്ധതിയിലൂടെയും നടപ്പിലാക്കി വരുന്നു.

22 (*228) **ബസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. രാഘവൻ
ശ്രീ. എ. കണാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക്, കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘദൂര ബസ് യാത്രക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവഹിക്കുന്നതിന് എല്ലാ ബസ് സ്റ്റേഷനുകളിലും ആധുനിക രീതിയിലുള്ള ബാത്ത്റൂമുകളും ടോയിലറ്റുകളും നിർമ്മിക്കുമോ;

(സി) ബസ് സ്റ്റേഷനോടനുബന്ധിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വിശ്രമ മുറികൾ സ്ഥാപിക്കുമോ;

(ഡി) ഓരോ ബസ് സ്റ്റേഷനിലും ബസ്സുകളുടെ വരവ് പോക്ക് രേഖപ്പെടുത്തുന്ന സമയ വിവരപട്ടിക പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly